بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

**ജുമുഅഃ ഖുത്വ്ബ**

**സംഗ്രഹം**

**20-03-2026**

# ഇഹലോകത്തെയും പരലോകത്തെയും ഐശ്വര്യങ്ങൾക്കായിപ്രാർഥിക്കുക

സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്‌റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്..) യു.കെ യിലെ മസ്ജിദ് മുബാറക്കിൽ വച്ച് നിർവഹിച്ചത്

اَشۡهَدُ اَنۡ لَّآ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ

اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ - بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ -

اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ○ الرَّحۡمٰنِ الرَّحِيۡمِ ○ مٰلِكِ يَوۡمِ الدِّيۡنِ ○ اِيَّاكَ نَعۡبُدُ وَاِيَّاكَ نَسۡتَعِيۡنُ ○

اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ ۬ۙ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○

തശഹ്ഹുദ്, തഅവ്വുദ്, തസ്മിയ, സൂറഃ ഫാതിഹ എന്നിവ ഓതിയശേഷം ഹദ്‌റത്ത് അമീറുൽ മുഅ്മിനീൻ (അയ്യദഹുല്ലാഹു) പ്രതിപാദിച്ചു:

ഇന്ന് ഞാൻ ഈദ് ഖുത്വ്ബ നിർവഹിച്ച തിനാൽ ഇപ്പോൾ ഞാൻ ഖുത്വ്ബ സംക്ഷിപ്തമായിട്ടായിരിക്കും നിർവഹിക്കുക. ഞാൻ ഹദ്‌റത്ത് മസീഹ് മൗഊദിന്റെ(അ) ഒരു ഉദ്ധരണിയാണ് തിരഞ്ഞെടുത്തിട്ടുള്ളത്. അതിലേക്ക് നമ്മൾ വളരെയധികം ശ്രദ്ധ ചെലുത്തേണ്ടതുണ്ട്.

അദ്ദേഹം പ്രസ്താവിക്കുന്നു:

**'സത്യവിശ്വാസിക്ക് ദുനിയാവ് അഥവാ ഐഹികതയുമായുള്ള ബന്ധം എത്രത്തോളം വിശാലമാകുന്നുവോ അത്രത്തോളം അയാളുടെ പദവികൾ ഉന്നതമാകുന്നു. കാരണം അയാളുടെ ലക്ഷ്യം ദീൻ(മതകാര്യം) ആകുന്നു.'**

ഐഹികബന്ധങ്ങൾ വിശാലമാകുന്നത് നല്ലതാകുന്നത് അവയുടെ ലക്ഷ്യം ദീൻ ആകുമ്പോഴാണ്. അതായത് ഐഹികമായ ഏതൊരു ബന്ധത്തിന്റെയും ലക്ഷ്യം ദീൻ തന്നെ ആയിരിക്കണം. ഇത് ഒരു സത്യവിശ്വാസിയുടെ അടയാളമാണ്.

ഹദ്‌റത്ത് മസീഹ് മൗഊദ്(അ) തുടരുന്നു:

**'അയാളുടെ ദുനിയാവും അതിലെ സമ്പത്തും പ്രതാപവും ദീനിന്റെ സേവകനായിരിക്കും. അതിനാൽ അടിസ്ഥാനപരമായി ദുനിയാവ് ആത്യന്തിക ലക്ഷ്യമാകരുത്. മറിച്ച്, ദുനിയാവ് സമ്പാദിക്കുന്നതിലെ യഥാർത്ഥ ഉദ്ദേശ്യം ദീൻ ആയിരിക്കണം.'**

നിങ്ങൾ ദുനിയാവ് സമ്പാദിക്കുന്നത് തങ്ങളുടെ ദീൻ അഭിവൃദ്ധിപ്പെടണം, തങ്ങൾക്ക് ദീനിനെ സേവിക്കാനാകണം എന്ന ലക്ഷ്യത്തോടെയായിരിക്കണം.ദുനിയാവ് സമ്പാദിക്കുന്നതും ദീനിന്റെഔന്നത്യത്തിനായിരിക്കണം,അല്ലാതെ തെറ്റായ കാര്യങ്ങൾ ചെയ്ത് സ്വന്തം ദുനിയാവും ആഖിറത്തും(ഇഹപരങ്ങൾ) നശിപ്പിക്കാനല്ല, മറിച്ച് സ്വന്തംആഖിറത്തും ദീനും നന്നാക്കുന്നതിന് വേണ്ടിയാണ് നമ്മൾ ദുനിയാവ് സമ്പാദിക്കേണ്ടത്.

ഹദ്‌റത്ത് മസീഹ് മൗഊദ്(അ) തുടർന്ന് പ്രസ്താവിക്കുന്നു:

**'ദീനിന്റെ സേവകനാകുന്ന വിധത്തിൽ ദുനിയാവിനെ നേടിയെടുക്കണം. ഒരാൾ ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേക്ക് പോകുന്നതിനായി യാത്രയ്ക്ക് വേണ്ട വാഹനവും പാഥേയവും കൂടെക്കരുതുന്നത് പോലെയാണിത്. അപ്പോൾ അയാളുടെ യഥാർഥ ലക്ഷ്യം ലക്ഷ്യസ്ഥാനത്ത് എത്തിച്ചേരുക എന്നതായിരിക്കും, അല്ലാതെ വാഹനമോ വഴിയിലെ ആവശ്യങ്ങളോ ആയിരിക്കില്ല.'**

യാത്രയിൽ എളുപ്പമുണ്ടാക്കുന്നതിനായി നമ്മൾ

കൂടെക്കരുതുന്ന ഈ കാര്യങ്ങളുടെയെല്ലാം ഉദ്ദേശ്യം, യാത്ര സുഖകരമായി പൂർത്തിയാക്കി നമ്മൾ ലക്ഷ്യസ്ഥാനത്ത് എത്തിച്ചേരുക എന്ന താണ്; അല്ലാതെ യാത്രയിൽ ഇവ ആസ്വദിക്കുക എന്നതല്ല.

ഹദ്റത്ത് മസീഹ് മൗഊദ്(അ) തുടർന്ന് പ്ര സ്താവിക്കുന്നു:

**'ഇതേപ്രകാരം തന്നെ മനുഷ്യൻ ദുനിയാവിനെ നേടിയെടുക്കണം, എന്നാൽ ദീനിന്റെ സേവകനായി അതിനെ കണക്കാക്കണം. അല്ലാഹു ഇപ്രകാരം ഒരു പ്രാർത്ഥന പ ഠിപ്പിച്ചു തന്നിട്ടുണ്ട്:**

رَبَّنَا اٰتِنَا فِی الدُّنۡیَا حَسَنَۃً وَّفِی الۡاٰخِرَۃِ حَسَنَۃً وَّقِنَا عَذَابَ النَّارِ

**അതായത് അല്ലാഹുവേ, ഞങ്ങൾക്ക് ഇഹ ലോകത്തിലെ ഐശ്വര്യങ്ങൾ നല്കുക, പര ലോകത്തിലെ ഐശ്വര്യങ്ങളും നല്കുക. അല്ലാഹു** رَبَّنَا اٰتِنَا فِی الدُّنۡیَا حَسَنَۃً وَّفِی الۡاٰخِرَۃِ حَسَنَۃً وَّقِنَا عَذَابَ النَّارِ **എന്ന് പഠി പ്പിച്ചതിൽ ഇഹലോകത്തെ പ്രഥമമായി പ്രസ് താവിച്ചിട്ടുണ്ട്.'**

എന്നാൽ ഏത് ഇഹലോകത്തെയാണ്?ആദ്യം ദുനിയാവിനെ വച്ചിട്ടുണ്ട്, എന്നാൽ എന്തു കൊണ്ട്, ഏത് ഇഹലോകത്തെയാണ് വച്ചിട്ടു ള്ളത്? പരലോകത്തിൽ ഐശ്വര്യങ്ങൾക്ക് കാരണമായിത്തീരുന്ന ഐഹികമായ ഐശ്വ ര്യങ്ങളാണ് അതുകൊണ്ടുള്ള ഉദ്ദേശ്യം. ഏത് ദുനിയാവ് നേടിയാലാണോ പരലോകത്തിലും ഉപകാരമുണ്ടാകുന്നത്,പരലോകത്തിലെഐശ്വ ര്യങ്ങൾക്ക് കാരണമാകുന്ന അത്തരം ദുനിയാ വിന്റെ കാര്യങ്ങൾ ലഭിക്കണം; അല്ലാതെ പരലോ കത്തിൽ നമുക്ക് ലജ്ജിക്കേണ്ടി വരുന്ന അവസ്ഥ യുണ്ടാകരുത്. തീർത്തും ദുനിയാവിൽ മാത്രം മുഴുകിപ്പോകുമ്പോൾ ലജ്ജിക്കേണ്ടി വരുന്ന സാഹചര്യം ഉണ്ടാകും.

ഹദ്റത്ത് മസീഹ് മൗഊദ്(അ) തുടർന്ന് പ്ര സ്താവിക്കുന്നു:

**'ഈ പ്രാർഥന പഠിപ്പിച്ചതിലൂടെ ഒരു സത്യ വിശ്വാസി ദുനിയാവ് നേടിയെടുക്കുമ്പോൾ പരലോകത്തിലെ ഐശ്വര്യങ്ങളെക്കുറിച്ച് ബോധവാനായിരിക്കണം എന്ന് വ്യക്തമായി മനസ്സിലാക്കാം. അതോടൊപ്പം ഹസനത്തുദ്ദു നിയാ (ഐഹികമായ ഐശ്വര്യങ്ങൾ) എന്ന പദത്തിൽ, ഒരു സത്യവിശ്വാസി ദുനിയാവ് നേടുന്നതിനായി സ്വീകരിക്കേണ്ട എല്ലാ ഉത്തമ മാർഗങ്ങളെക്കുറിച്ചും പ്രതിപാദിച്ചി ട്ടുണ്ട്. നന്മയും ഗുണവും മാത്രം ലഭിക്കുന്ന അത്തരം രീതികളിലൂടെ ദുനിയാവിനെ നേടിയെടുക്കുക. അത് മറ്റൊരു മനുഷ്യന് പ്രയാസമുണ്ടാക്കുന്നതോ സഹജീവികൾക്കി ടയിൽ മാനക്കേടിനും ലജ്ജയ്ക്കും കാരണമാകുന്നതോ ആയ രീതിയാകരുത്. അത്തരം ദുനിയാവ് തീർച്ചയായും ഹസന ത്തുൽ ആഖിറ(പരലോകത്തിലെ ഐശ്വ ര്യങ്ങൾ)ക്ക് കാരണമാകും.'**

നിങ്ങൾക്ക് മാത്രമല്ല, മറിച്ച് മനുഷ്യകുലത്തിന് തന്നെ ഉപകാരപ്പെടുന്ന വിധത്തിലുള്ള ദുനി യാവ് സമ്പാദിക്കുക. ദുനിയാവിൽ നിങ്ങൾക്ക് ലജ്ജയുണ്ടാക്കുന്നതോ നിങ്ങളുടെ കുടുംബ ത്തിനോ അടുത്ത ബന്ധുക്കൾക്കോ നാണക്കേടു ണ്ടാക്കുന്നതോ ആയ പ്രവൃത്തികൾ ഉണ്ടാ കരുത്. പകരം പരിശുദ്ധമായ ജീവിതമാകണം. നന്മയിലും തഖ്‌വയിലും അധിഷ്ഠിതമായ ജീവിതമാകണം. അത്തരം ഒരു ജീവിതം നയിക്കു കയും അങ്ങനെയുള്ള ദുനിയാവ് സമ്പാദിക്കുന്ന തിനായി ജീവിതം ചെലവഴിക്കുകയും ചെയ്യു മ്പോൾ അത് നിങ്ങൾക്ക് ദുനിയാവിലും ആഖിറ ത്തിലും അനുഗ്രഹങ്ങൾ നല്കും.

അതുകൊണ്ട് ഇന്ന് ലോകം പൊതുവേ സ്വന്തം ലക്ഷ്യങ്ങളും താത്പര്യങ്ങളും നേടിയെടു ക്കുന്നതിന്റെ പിന്നാലെയാണ്. വ്യക്തിപരമായ താത്പര്യങ്ങൾക്കാണ് മുൻഗണന നല്കപ്പെടു ന്നത്. രാഷ്ട്രങ്ങളെ നോക്കുകയാണെങ്കിൽ അവർക്ക് സ്വന്തം രാഷ്ട്രത്തെക്കുറിച്ച് മാത്രമാണ് ചിന്ത; മനുഷ്യത്വത്തെക്കുറിച്ചല്ല. അതിൽ മുഴുകി ഈ ആളുകൾ സ്വന്തം നാശത്തിനുള്ള വഴികൾ ഒരുക്കുകയാണ്. ഇത്തരമൊരു സാഹചര്യ ത്തിൽ അല്ലാഹുവിനോട് ദുനിയാവിലെയും ആഖിറത്തിലെയും ഐശ്വര്യങ്ങൾ ചോദിക്കുന്ന തിലേക്ക് നമ്മൾ ശ്രദ്ധ തിരിക്കേണ്ടതുണ്ട്. നമ്മുടെ ദുനിയാവും ആഖിറത്തും നന്നാക്കുന്ന തിനും എല്ലാത്തരം ആപത്തുകളിൽ നിന്നും

സംരക്ഷിക്കപ്പെടുന്നതിനും വേണ്ടി ഈ കാര്യത്തിൽ നാം വളരെയധികം ശ്രദ്ധ നല്കേണ്ടത് ആവശ്യമാണ്. ഞാൻ പറഞ്ഞതു പോലെ ലോകം നാശത്തിന്റെ ഗർത്തത്തിലേക്കാണ് പോയിക്കൊണ്ടിരിക്കുന്നത്.അല്ലാഹു നമ്മെ അതിൽ നിന്ന് സംരക്ഷിക്കട്ടെ. നമ്മുടെ കർമ്മങ്ങൾ മെച്ചപ്പെടുത്തുന്നതിനും അതനുസരിച്ച് പ്രാർഥനകൾ നടത്തുന്നതിനും അല്ലാഹു തൗഫീഖ് നല്കട്ടെ. ഇപ്പോൾ ഖുത്വബയിൽ ഞാൻ പറഞ്ഞതുപോലെ, യഥാർഥത്തിൽ അങ്ങനെയുള്ള ഐശ്വര്യങ്ങൾ നേടിയെടുക്കാനും ഉത്തമമായ പ്രാർത്ഥനകൾ നടത്താനും അല്ലാഹു നമുക്ക് തൗഫീഖ് നല്കുകയും അവ സ്വീകരിക്കുകയും ചെയ്യട്ടെ.

(*വിവ:അംനാസ്. പി.കെ*)

اَلْحَمْدُ لِلّٰہِ نَحْمَدُہٗ وَ نَسْتَعِیْنُہٗ وَ نَسْتَغْفِرُہٗ وَنُؤْمِنُ
بِہٖ وَ نَتَوَکَّلُ عَلَیْہِ وَ نَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ
مِنْ سَیِّئَاتِ اَعْمَالِنَا مَنْ یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ
یُّضْلِلْہُ فَلَا ھَادِیَ لَہٗ۔ وَنَشْھَدُ اَنْ لَّآ اِلٰہَ اِلَّا اللّٰہُ وَنَشْھَدُ اَنَّ
مُحَمَّدًا عَبْدُہٗ وَ رَسُوْلُہٗ۔عِبَادَاللّٰہِ رَحِمَکُمُ اللّٰہُ اِنَّ اللّٰہَ یَاْمُرُ
بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَاءِ ذِی الْقُرْبٰی وَ یَنْھٰی عَنِ الْفَحْشَاءِ
وَالْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ اُذْکُرُوا اللّٰہَ
یَذْکُرْکُمْ وَادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ۔

**FRIDAY SERMON SUMMARY** DELIVERED BY**HAZRAT KHALIFATUL MASIH V(ATBA)**
ISLAMABAD UK ON 20.03.2026
SUMMARIZED BY MAJLIS ANSARULLAH BHARAT
MALAYALAM TRANSLATION BY AMNAS PK
FOR MALAYALAM DESK, QADIAN
PUBLISHED BY NAZARAT NASHR-O-ISHAAT,
SADR ANJUMAN AHMADIYYA QADIAN 143516